A | 402

# സമഗ്രശിക്ഷാ കേരളം

## അർധവാർഷിക മൂല്യനിർണ്ണയം 2023-24

## മലയാളം

**ക്ലാസ് - 4** **സമയം: 2 മണിക്കൂർ**

കുട്ടിയുടെ പേര്.................................................

വിദ്യാലയത്തിന്റെ പേര്.................................................

ഡിവിഷൻ.................................................

രക്ഷിതാവിന്റെ ഒപ്പ്.................................................

അധ്യാപകന്റെ ഒപ്പ്.................................................

| ക്രമ നമ്പർ | പ്രവർത്തനങ്ങൾ | ലഭിച്ച ഗ്രേഡ് |
|---|---|---|
| 1 | വായിക്കാം എഴുതാം | |
| 2 | പോസ്റ്റർ തയ്യാറാക്കാം | |
| 3 | ആത്മകഥ | |
| 4 | വിളംബരം തയ്യാറാക്കാം | |
| 5 | വരികൾ കൂട്ടിച്ചേർക്കാം | |
| 6 | ആസ്വാദനക്കുറിപ്പ് | |
| | ഓവറോൾ ഗ്രേഡ് | |

1. താഴെ കൊടുത്തിട്ടുള്ള ആറു പ്രവർത്തനങ്ങളിൽ ഒന്നാമത്തെ പ്രവർത്തനത്തിന് നിർബന്ധമായും ഉത്തരം എഴുതണം. രണ്ടുമുതൽ ആറുവരെ പ്രവർത്തനങ്ങളിൽ നാലു പ്രവർത്തനങ്ങൾക്ക് ഉത്തരം എഴുതിയാൽ മതി.
2. മൂല്യനിർണ്ണയപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനു മുൻപ് പതിനഞ്ചു മിനിട്ട് സമാശ്വാസ സമയമാണ്. ഈ സമയം ചോദ്യങ്ങൾ നന്നായി വായിച്ചു മനസ്സിലാക്കാനുള്ളതാണ്.
3. ഉത്തരമെഴുതാൻ കൂടുതൽ സ്ഥലം ആവശ്യമെങ്കിൽ കുട്ടികൾക്ക് അധികം കടലാസ് ഉപയോഗിക്കാം.

**പ്രവർത്തനം 1, വായിക്കാം എഴുതാം**

### അവിയൽ

മലയാളികളുടെ ഇഷ്ടവിഭവമാണ് അവിയൽ. അത്യന്തം സ്വാദിഷ്ഠവും പോഷകപ്രദവുമായ വിഭവമാണിത്. അവിയൽ ഉണ്ടായതിനെപ്പറ്റി ധാരാളം ഐതിഹ്യങ്ങളും കഥകളുമുണ്ട്. അതിലെ ഒരു കഥയിതാ.

സ്വാതിതിരുനാൾ മഹാരാജാവിന്റെ കൊട്ടാരത്തിലെ കവിയായിരുന്നു ഇരയിമ്മൻ തമ്പി. ഒരിക്കൽ കൊട്ടാരത്തിൽ സദ്യ നടന്നപ്പോൾ കറി തികയാതെ വന്നു. പാചകശാലയിൽ ചെന്ന ഇരയിമ്മൻ തമ്പി അരിഞ്ഞുകൂട്ടിയ പലതരം പച്ചക്കറികളുടെ കഷണങ്ങൾ കണ്ടു. അതെല്ലാം കൂടി ഒരു വലിയ ചരുവത്തിലിട്ട് വേവിച്ച് എരിശ്ശേരി ഉണ്ടാക്കാൻ നോക്കി. എന്നാൽ അത് വേറൊരു കറിയായി. ഊണിന് വിളമ്പി. നല്ല രുചിയും മണവുമുള്ള കറി. എല്ലാവർക്കും വലിയ ഇഷ്ടമായി. പുതിയ വിഭവത്തിന് പിടിവലിയായി. കൂടുതൽ സ്വാദോടെ ഈ വിഭവം വീണ്ടുമുണ്ടാക്കി. അതിന് അവിയൽ എന്നു പേരിടുകയും ചെയ്തു.

ചേന, മുരിങ്ങക്കായ, കാരറ്റ്, കുമ്പളങ്ങ, പടവലങ്ങ, പച്ചപ്പയർ, ബീൻസ്, വെള്ളരിക്ക, പാവയ്ക്ക, നേന്ത്രക്കായ, പച്ചമുളക് തുടങ്ങിയ വിവിധയിനം പച്ചക്കറികൾ അവിയലിൽ ചേർക്കാം. എല്ലാം നീളത്തിലാണ് അരിയേണ്ടത്.

അരിഞ്ഞ പച്ചക്കറി കഷണങ്ങൾ ഒരുമിച്ച് ചേർത്ത് വേവിക്കുന്നു. വെന്തുകഴിഞ്ഞാൽ തൈര് ഒഴിക്കുന്നു. ചില സ്ഥലങ്ങളിൽ തൈരിനു പകരം പച്ചമാങ്ങ ചേർത്തും അവിയൽ ഉണ്ടാക്കാറുണ്ട്. തുടർന്ന് തേങ്ങ, ജീരകം, പച്ചമുളക്, കറിവേപ്പില എന്നിവ ചതച്ചിടുന്നു. വാങ്ങിവച്ച ശേഷം വെളിച്ചെണ്ണ ഒഴിക്കുന്നു. അവിയൽ തയ്യാർ.

(ചരുവം : വക്കുകളിലും അടിയിലും വിസ്താരമേറിയ വലിയ പാത്രം)

1. ഏതു വിഭവം ഉണ്ടാക്കാൻ ശ്രമിച്ചപ്പോഴാണ് അവിയൽ ഉണ്ടായത്?
   - എ. ഓലൻ
   - ബി. കാളൻ
   - സി. എരിശ്ശേരി
   - ഡി. തോരൻ

2. വിവരണത്തിൽ 'അങ്ങേയറ്റം' എന്ന പദത്തിനു പകരം ഉപയോഗിച്ചിരിക്കുന്ന പദമേത്?
   - എ. വിവിധയിനം
   - ബി. ചരുവം
   - സി. കൂട്ടിവച്ച
   - ഡി. അത്യന്തം

3. പുതിയ വിഭവത്തിന് 'ആവശ്യക്കാർ തിരക്കുകൂട്ടി' എന്നു സൂചിപ്പിക്കുന്ന പ്രയോഗമേത്?

4. അവിയൽ ഉണ്ടാക്കുന്നത് എങ്ങനെ?

5. അവിയൽ സ്വാദിഷ്ഠവും പോഷകപ്രദവുമായ വിഭവമായി കണക്കാക്കാൻ കാരണം.
   - എ. പരിപ്പ്, വെണ്ടയ്ക്ക തുടങ്ങിയവ അവിയലിൽ ഉൾപ്പെടുത്താത്തതിനാൽ
   - ബി. പലതരം പച്ചക്കറികൾ തൈര്, ജീരകം, തേങ്ങ, കറിവേപ്പില തുടങ്ങിയവ ഉൾപ്പെടുന്നതിനാൽ
   - സി. തൈരുമാത്രം ഉപയോഗിച്ചുണ്ടാക്കുന്നതിനാൽ
   - ഡി. വിവിധയിനം മസാലക്കൂട്ടുകൾ ചേർക്കാത്തതിനാൽ

പ്രവർത്തനം 2. പോസ്റ്റർ തയ്യാറാക്കാം

ഭക്ഷ്യവിഷബാധ
കുട്ടികൾ ആശുപത്രിയിൽ

തോട്ടങ്ങളിൽ വ്യാപകമായ
എൻഡോസൾഫാൻ പ്രയോഗം


പച്ചക്കറികളിൽ വ്യാപകമായ
കീടനാശിനി പ്രയോഗം

മാറാരോഗങ്ങൾ
പെരുകുന്നു

500 കിലോഗ്രാം ഫോർമാലിൻ
കലർന്ന മത്സ്യം പിടിച്ചു.


ചില പത്രവാർത്തകളുടെ തലക്കെട്ടുകളാണ് മുകളിൽ കൊടുത്തിരിക്കുന്നത്. ആരോഗ്യത്തിന് ഹാനികരമായ ഒട്ടേറെ കാര്യങ്ങൾ നമുക്കു ചുറ്റും നടക്കുന്നുണ്ട്. സമൂഹത്തെ ബോധവൽക്കരിക്കാൻ സഹായിക്കുന്ന പോസ്റ്റർ തയ്യാറാക്കൂ.

**പ്രവർത്തനം 3. ആത്മകഥ**



"എന്നെ തൂക്കി വിൽക്കല്ലേ!" വളരെ നേരിയ ശബ്ദത്തിലുള്ള തൂമ്പയുടെ കരച്ചിൽ ആരു കേൾക്കാൻ? "ഇരുമ്പുപണിക്കാരന്റെ ആലയിൽ നിന്ന് തോളിലേറ്റിയാണ് എന്നെ നാണുവേട്ടൻ കൊണ്ടുപോയത്. എന്തൊരു സ്വീകരണമായിരുന്നു! പാടങ്ങളും പറമ്പുകളും കിളച്ചു മറിച്ച സുവർണകാലം..! പൊന്നു പോലെ പരിപാലിച്ചവർ. കല്ലിൽ തട്ടി വക്കു മടങ്ങിയപ്പോൾ ഉണ്ടായൊരു വേദന! അങ്ങനെ എത്രയെത്ര  സംഭവങ്ങൾ! വേദനിപ്പിച്ചതും സന്തോഷിപ്പിച്ചതും..." തൂമ്പ തന്റെ ജീവിതമോർത്തു... തൂമ്പയുടെ ആത്മകഥയെഴുതൂ.

## പ്രവർത്തനം 4. വിളംബരം തയ്യാറാക്കാം



ജി.എൽ.പി സ്കൂൾ കനകമലയുടെ നൂറാം വാർഷികം അതിഗംഭീരമായി ആഘോഷിക്കുകയാണ്. അതിനോടനുബന്ധിച്ച് വിദ്യാർഥികൾക്കും പൂർവവിദ്യാർഥികൾക്കും നാട്ടുകാർക്കുമായി കായികമേള സംഘടിപ്പിക്കുന്നു. 2023 ഡിസംബർ 20 ന് ബുധനാഴ്ച രാവിലെ ഒമ്പതു മണിക്ക് പ്രമുഖ ഇന്ത്യൻ ഹോക്കി താരം ശ്രീ.പി.ആർ.ശ്രീജേഷാണ് ഉദ്ഘാടനം നിർവഹിക്കുന്നത്. സ്കൂൾ മൈതാനത്തുവച്ചു നടക്കുന്ന കായികമേള ജനങ്ങളെ അറിയിക്കുന്നതിനായി ഒരു വിളംബരം തയ്യാറാക്കൂ.

പ്രവർത്തനം 5. വരികൾ കൂട്ടിച്ചേർക്കാം

അഴകേറുന്നൊരു കേരള നാടിൻ
കാഴ്ചകൾ കാണാനെന്തു രസം!
കുന്നും പുഴയും മാമണിമേടും
പച്ച പുതച്ചൊരു നെൽവയലും

കവിതയ്ക്ക് ഉചിതമായ തലക്കെട്ടും നൽകണേ.

## പ്രവർത്തനം 6. ആസ്വാദനക്കുറിപ്പ്

പുഴയിൽ കുളിക്കാൻ പോയപ്പോഴാണ് കിച്ചുവിന് കുഞ്ഞുമീനിനെ കിട്ടിയത്.
പുഴയിൽ കുളിക്കാൻ ... കോരിയെടുത്തതാണ്. കൂടെ ഉണ്ടായിരുന്ന മീനുകളെല്ലാം
തോർത്തുമുണ്ടുകൊണ്ട് കോരിയെടുത്തതാണ്. കൂടെ ഉണ്ടായിരുന്ന മീനുകളെല്ലാം
നൊടിയിടയിൽ തെന്നിമാറി. കുഞ്ഞുമീൻ മാത്രം തോർത്തിൽ കുടുങ്ങി.
കിച്ചു കുഞ്ഞുമീനിനെ ചില്ലുഭരണിയിലെ വെള്ളത്തിലിട്ടു. തിളങ്ങുന്ന
ചെതുമ്പലുകളുള്ള ചന്തമുള്ള മീൻ.
അരിമണി തിന്നാൻ കൊടുത്തു. കുഞ്ഞുമീൻ അത് കണ്ടതായിപ്പോലും ഭാവിച്ചില്ല.
രണ്ടുദിവസം കഴിഞ്ഞിട്ടും കുഞ്ഞുമീൻ ഒന്നും തിന്നില്ല. എപ്പോഴും ഒരേ നിൽപ്പ്.
നീന്താറുമില്ല. മുങ്ങാംകുഴിയിടാറുമില്ല. "നിനക്ക് എന്തുപറ്റി?" കിച്ചു ചോദിച്ചു. അതിന്
ഒരു മറുചോദ്യമാണ് കുഞ്ഞുമീൻ ചോദിച്ചത്.
"നീ ഇന്ന് എന്തെല്ലാം കാഴ്ചകൾ കണ്ടു?"
കിച്ചു അവൻ കണ്ട കാര്യങ്ങൾ പറയാൻ തുടങ്ങി. അങ്ങാടിയിൽ പോയതും,
സ്കൂളിൽ കൂട്ടുകാരുമായി കളിച്ചതും, മഴവെള്ളത്തിൽ കടലാ
വണ്ടികൾ കണ്ടതും,
സുതോണി ഇറക്കിയതും എല്ലാം അവൻ പറഞ്ഞു.
"എന്റെ കാര്യമോ? വല്ലതും കാണാൻ പറ്റുന്നുണ്ടോ? എന്റെ കൂട്ടുകാരെല്ലാം പുഴ
യിൽ എന്തെല്ലാം കാഴ്ചകൾ കാണുന്നുണ്ടാവും? അവർ എന്തെല്ലാം കളികൾ കളിക്കു
ന്നുണ്ടാവും?" കുഞ്ഞുമീൻ സങ്കടപ്പെട്ടു. കിച്ചുവിനും അതുകേട്ട് സങ്കടമായി. അവൻ
ചില്ലുഭരണിയുമെടുത്ത് പുഴവക്കത്തേക്ക് നടന്നു.
കഥ വായിച്ചല്ലോ. കഥയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കൂ.